**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1586 — 07.06.2018 ൽ മറുപടിക്ക്

## കശുവണ്ടി മേഖലയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. മുകേഷ്<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. എൻ. വിജയൻ പിള്ള | | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് അടഞ്ഞുകിടന്ന പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾ പൂർണ്ണമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കശുവണ്ടി വികസന കോർപറേഷന്റേയും കാപക്സിന്റേയും കീഴിലുള്ള മുഴുവൻ ഫാക്ടറികളും പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതാണ്. |
| (ബി) | പൊതുമേഖലയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) യും (സി) യും | കേരളത്തിലുത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ കേരള, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ മറ്റു വകുപ്പുകളുടെ കീഴിലുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി വില നിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിയ്ക്കുന്നതിന് കാപെക്സിനും കോർപ്പറേഷനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാപെക്സും കോർപ്പറേഷനും നാടൻ തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്.<br>വനം വകുപ്പിന്റെ കീഴിലുള്ള കുറേയേറെ സ്ഥലങ്ങളിൽ ഇതിനകം തന്നെ കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെ തുടർന്ന താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തര നടപടി കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്.<br>1.വനം വകുപ്പിന്റെ കീഴിൽ അക്വേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവ കൃഷി ചെയ്യുവരുന്ന 16,000 ഹെക്ടർ സ്ഥലത്ത് മാനേജ്മെന്റ് പ്ലാൻവ്യവസ്ഥ പ്രകാരം ഓരോ ഇനത്തിന്റേയും കാലാവധി തീരുന്ന മുറയ്ക്ക് കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനായി നിലവിലുള്ള മരങ്ങളുടെ വാല്യുവേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്. |
| (സി) | ഇതിനായി വനം, കൃഷി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |

2. കെ.എഫ്.ഡി.സി യുടെ കീഴിലുള്ള പരമാവധി സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുക യാണ്.

3. വനം വകുപ്പിന്റെ സ്ഥലത്ത് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ മോഡൽ കാഷ്യു ഗാർഡൻ സ്ഥാപിക്കുന്നതാണ്.

4. വകുപ്പിന്റെ കീഴിലുള്ള 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വർഷം 500 ഹെക്ടർ അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിയന്തരമായി കൃഷി ആരംഭിക്കുന്നതാണ്.

5. പ്രായമേറിയ കശുമാവ് മുറിച്ച് മാറ്റി പകരം അത്യുൽപ്പാദന ശേഷിയുള്ള പുതിയ ഇനം കശുമാവ് കൃഷി ചെയ്യുന്നതാണ്.

വനംവകുപ്പ് കൂടാതെ കൃഷി വകുപ്പ് പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് തുടങ്ങിയ വകുപ്പുകൾ മുഖാന്തിരവും കശുമാവ് കൃഷിചെയ്യുന്നതിനും അതിനുവേണ്ട സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള തടസ്സങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിന് അതാത് സ്ഥലത്തെ റവന്യൂ അധികാരികളിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തീരുമാനമെടുക്കാൻ റവന്യൂവകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

| | |
|---|---|
| (ഡി) കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കശുവണ്ടി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കു ന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) കാപെക്സിന്റേയും കശുവണ്ടി വികസന കോർപറേഷന്റേയും കീഴിലുള്ള ഫാക്ടറികൾക്ക് സംസ്കരണത്തിനുള്ള കശുവണ്ടി സംഭരിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കിയും, പ്രസ്തുത ഫാക്ടറികളിൽ ഭാഗിക യന്ത്രവത്കരണം ആധുനിക വൽക്കരണം എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ ധനസഹായം അനുവദിച്ചും സർക്കാർ ഇടപെടലുകൾ നടത്തിവരുന്നു. കൂടാതെ കശുവണ്ടിയിൽ നിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കശുവണ്ടിയുടെ ബ്രാന്റിംഗിനും ആവശ്യമായ സാമ്പത്തിക സഹായവും സർക്കാർ നൽകുന്നുണ്ട്.<br><br>കോർപറേഷനിലേയും കാപ്പക്സിലേയും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുള്ളതും അവർക്കർഹതപ്പെട്ട ഇ.പി.എഫ്, ഇ. എസ്. ഐ, ആർ. ഡബ്ല്യു എഫ്. മുതലായ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്തു വരുന്നതും അവരുടെ അവകാശങ്ങൾ സംരക്ഷിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ